(ബി&സി) പവർ ഗ്രിഡ് കോർപ്പറേഷനാണ് മൈസൂർ-അരീക്കോട് 400 കെ.വി. ലൈനിന്റെ നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. ഇതിന്റെ നിർമ്മാണ പ്രവൃത്തി ജനുവരി 2015-ഓടുകൂടി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മുപ്പത്തി അഞ്ചാം സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിങ്ങിൽ ഉഡുപ്പി-കാസർഗോഡ്-കോഴിക്കോട് 400 കെ.വി. ലൈൻ നിർമ്മാ ണത്തിന് അംഗീകാരം നൽകിയതിനാലും കെ.പി.റ്റി.സി.എൽ. 220 കെ.വി. മൈലാട്ടി-പുത്തൂർ ലൈൻ നിർമ്മാണം സാങ്കേതികമായി പ്രയോജനകരമല്ല എന്ന് അറിയിച്ചതിനാലും മൈലാട്ടി-പുത്തൂർ ലൈനിന്റെ പ്രൊപ്പോസൽ സതേൺ റീജിയണൽ പവർ കമ്മിറ്റി (SRPC) ഉപേക്ഷിച്ചിട്ടുണ്ട്. ഉഡുപ്പി-കാസർഗോഡ്-കോഴിക്കോട് 400 കെ.വി. ലൈനിന്റെ നിർമ്മാ ണത്തോടനുബന്ധിച്ച് മൈലാട്ടിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലൈൻ നിർമ്മാണം പൂർത്തിയാ കുമ്പോൾ ഉത്തര കേരളത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കഴിയും.

(ഡി) നിലവിൽ കണ്ണൂർ ജില്ലയും കാസർഗോഡ് ജില്ലയും വേണ്ടി കണ്ണൂരിൽ ഒരു ട്രാൻസ്മിഷൻ സർക്കിളാണുള്ളത്. കാസർഗോഡ് ജില്ലയിലെ നിലവിലുള്ള ട്രാൻസ്മിഷൻ ശൃംഖല കണക്കിലെടുത്ത് അവിടെ ഒരു ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിന്റെ ആവശ്യകത ഇപ്പോൾ ഇല്ല.

കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നങ്ങൾ

45 (7881) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി മേഖലയിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി വകുപ്പുമന്ത്രി ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്തിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിളിച്ചുചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു:

LIBRARY ARCHIVES Kerala Legislative Assembly

- കാസർഗോഡ് ജില്ലയിലെ സെക്ഷൻ ഓഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് താഴെയുള്ള ജീവനക്കാരെ ജില്ലാടിസ്ഥാനത്തിൽ നിയമനത്തിന് പരിഗണിക്കാവുന്നതാണ്.

- കാസർഗോഡ് ടൗണിലെ കെ.എസ്.ഇ.ബി. സ്ഥാപിച്ചിട്ടുള്ള അണ്ടർഗ്രൗണ്ട് കേബിളുകൾ കമ്മീഷൻ ചെയ്യുന്നതിന് വേണ്ടുന്ന PTCC clearance ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന തിനായി ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥരുമായി ഒരു മീറ്റിംഗ് ഊർജ്ജ മന്ത്രിയുടെ ചേംബറിൽ വച്ച് നടത്താൻ തീരുമാനിച്ചു

- തൗഡുഗോളി വിദ്യാനഗർ 110 കെ.വി. ലൈൻ ഡബിൾ ലൈൻ ആക്കുന്ന ജോലി കോൺട്രാക്ടർമാർ അധിക തുക ആവശ്യപ്പെടുന്നതിനാൽ നടക്കുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിനായി ഈ ജോലി കെ.എസ്.ഇ.ബി. ചെയ്യുകയോ അല്ലെങ്കിൽ അടുത്ത ടെണ്ടർ സമയത്ത് കോൺട്രാക്ടർമാരുമായി ചർച്ച നടത്തി ന്യായമായ നിരക്കിൽ ജോലി ചെയ്യിക്കുവാൻ തീരുമാനിക്കുകയോ ചെയ്യാവുന്നതാണ്.

- ജില്ലയിലെ ഉദുമയിൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്ന ലൈൻ വർക്കുകളിൽ പണി പൂർത്തിയായവ എത്രയും പെട്ടെന്ന് ചാർജ്ജ് ചെയ്യാനും ബാക്കിയുള്ളവയെ സംബന്ധിച്ച് വനം വകുപ്പ് അധികൃതരുമായി ചർച്ച നടത്തി പ്രശ്നപരിഹാരം ഉണ്ടാക്കാനും നിർദ്ദേശിച്ചു.

- നിലമ്പാടി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമത്തിനു പരിഹാരമായി ഉടൻതന്നെ ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളണം.

- വൈദ്യുതി തടസ്സവുമായി ബന്ധപ്പെട്ടുള്ളവയും മറ്റനുബന്ധ പരാതികളും പരിഹരിക്കുവാനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു ജില്ലാതല കമ്മിറ്റി രൂപീകരിക്കുവാനായുള്ള സർക്കാർ ഉത്തരവ് ഇറക്കുന്നതിനായി കെ.എസ്.ഇ.ബി. വേണ്ടുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കണം.

- കുമ്പനൂർ സബ്സ്റ്റേഷനിലെ ബാറ്ററി ചാർജ്ജിംഗ് പ്രശ്നങ്ങൾ പരിഹരിക്കാൻ കണ്ണൂർ ട്രാൻസ്മിഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നടപടി കൈക്കൊള്ളണം.

- വലിയപറമ്പ് പ്രദേശങ്ങളിലെ തുരുത്തിലുള്ളവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഒരു സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കുന്ന കാര്യം പരിശോധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- ജില്ലയിലെ വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ചീമേനിയിൽ താപ വൈദ്യുതി നിലയം വരിക വഴി സാദ്ധ്യമാകുമെന്നുള്ളത് കൊണ്ട് ചീമേനി നിലയത്തെ സംബന്ധിച്ചുള്ള ജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിനായി കെ.എസ്.ഇ.ബി. അധികൃതരും ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ചേർന്നുള്ള ഒരു ടീം NTPC-യുടെ ദാദ്രി ജജ്ജർ നിലയങ്ങൾ സന്ദർശിക്കാനായി നടപടി കൈക്കൊള്ളണം.

(സി) വിതരണ വിഭാഗവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- അസിസ്റ്റന്റ് എഞ്ചിനീയർക്ക് താഴെയുള്ള ജീവനക്കാരെ ജില്ലാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ആവശ്യമായ ശുപാർശ ബോർഡിന് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)-നെ ബോർഡ് ചുമതലപ്പെടുത്തി.
- ബി.എസ്.എൻ.എൽ.ന്റെയും കെ.എസ്.ഇ.ബി.എൽ.ന്റെയും ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗം 9-7-2014-ന് ചേരുകയും ബന്ധപ്പെട്ട വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.
- ഉദുമയിലെ മുടങ്ങിക്കിടക്കുന്ന ലൈൻ വർക്കുകളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
- നിലമ്പാടി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമായി 100 കെ.വി. എ. ട്രാൻസ്ഫോർമർ അടിയന്തരമായി സ്ഥാപിക്കാനുള്ള നിർദ്ദേശം ഉത്തരമേഖലാ ഡിസ്ട്രിബ്യൂഷൻ ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.
- വൈദ്യുതി തടസ്സവുമായി ബന്ധപ്പെട്ടുള്ളവയും മറ്റനുബന്ധ പരാതികളും പരിഹരിക്കുവാനായി ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു ജില്ലാതല കമ്മിറ്റി രൂപീകരിക്കുവാനായുള്ള ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.
- വലിയപറമ്പ് പ്രദേശങ്ങളിലെ ഇരുത്തിലുള്ളവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഒരു സബ് എഞ്ചിനീയർ ഓഫീസിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

- കെ.എസ്.ഇ.ബി.എൽ. അധികൃതരും ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ചേർന്നുള്ള NTPC യുടെ ദാദ്രി ജജ്ജർ നിലയങ്ങൾ സന്ദർശിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രസരണ വിഭാഗത്തിൽ പ്രസ്തുത മീറ്റിംഗിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്ന കാര്യങ്ങളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും താഴെച്ചേർക്കുന്നു:

1. മൈലാട്ടി മുതൽ തൗഡുഗോളി വരെയുള്ള 110 കെ.വി. ലൈൻ ഇരട്ടിപ്പിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിദ്യാനഗർ മുതൽ കുബനൂർ വരെയുള്ള 110 കെ.വി. ലൈൻ നാല് പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാർ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ പ്രസ്തുത പ്രവൃത്തി പുനർ ടെണ്ടർ ചെയ്തിരിക്കുകയാണ്.

2. ബേളൂർ 33 കെ.വി. സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

3. 33 കെ.വി. കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷന്റെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

4. 110 കെ.വി. കാഞ്ഞങ്ങാട് സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്ന (2x10 MVA to 2x12.5 MVA) പ്രവൃത്തി മേൽ സൂചിപ്പിച്ച (2), (3) പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

5. 110 കെ.വി. കുമ്പനൂർ, മഞ്ചേശ്വരം സബ്സ്റ്റേഷനുകളിലെ ബാറ്ററി മാറ്റി വയ്ക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

6. കൂടാതെ കാസർഗോഡ് ജില്ലയിൽ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി കാസർഗോഡ് ടൗണിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് മുനിസിപ്പാലിറ്റിയിൽനിന്നും സ്ഥലം ഏറ്റെടുക്കുകയുണ്ടായി. അതിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നു. രാജപുരത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതും പരിഗണനയിലുണ്ട്. 110 കെ.വി. വിദ്യാനഗർ സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി (2x10 to 2x20 MVA) വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു.